മെഡിയേറ്റഡ് ഫീഡർ ഒഴികെയുള്ള എല്ലാ ഫീഡറിൽ നിന്നും വളരെയധികം ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരമുള്ള ഉപഭോക്താക്കളിൽ ഒരു വിഭാഗം മാത്രമാണ് ആശുപത്രികൾ എന്നുള്ളതുകൊണ്ട് അവയെ മാത്രമായി ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവാക്കാൻ സാങ്കേതികമായി സാദ്ധ്യമല്ല.

കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി

17 (*198) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ജല വൈദ്യുത പദ്ധതിയേക്കാൾ ഉൽപ്പാദന ചെലവ് കുറവാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്തുകൊണ്ട് കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ലായെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) ഉണ്ട്.

(ബി) കാറ്റിൽ നിന്നും ഉൽപ്പാദിപ്പിക്കാവുന്ന വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് ജല വൈദ്യുത പദ്ധതിയേക്കാൾ കുറവല്ല.

(സി) ഗവൺമെന്റിന്റെ പാരമ്പര്യേതര ഊർജ്ജ നയപ്രകാരം കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനായി അനർട്ടിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുത പദ്ധതികൾക്കായി ധനസഹായം

18 (*199) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുത പദ്ധതികൾക്കായി വൈദ്യുതി ബോർഡിന് ഈ വർഷം ധനസഹായം ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly